2025 OCTOBER
08
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# അനിൽ അംബാനിയുടെ കമ്പനികൾക്ക് സെബിയുടെ നോട്ടിസ്; ഇടിഞ്ഞ് റിലയൻസ് ഗ്രൂപ്പ് ഓഹരികൾ

**മുംബൈ:** റിലയൻസ് ഗ്രൂപ്പ് മേധാവി അനിൽ അംബാനിക്കും കമ്പനികൾക്കുംമേൽ കുരുക്ക് മുറുക്കാൻ വീണ്ടും ഇന്ത്യൻ ഓഹരി വിപണിയുടെ നിയന്ത്രണ ഏജൻസിയായ സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയുടെ (സെബി) നീക്കം. സിഎൽഇ പ്രൈവറ്റ് ലിമിറ്റഡ് (സിപിഎൽ) എന്ന കമ്പനിയും റിലയൻസ് ഗ്രൂപ്പും തമ്മിലെ 6,503.13 കോടി രൂപയുടെ വായ്പാ ഇടപാട് സെബി ആക്ട്1992, സെബി റഗുലേഷൻസ്2003 എന്നിവയിലെ തട്ടിപ്പ് തടയൽ ചട്ടങ്ങളുടെ ലംഘനമാണെന്ന് കാട്ടി റിലയൻസ് പവർ, റിലയൻസ് ഇൻഫ്രാസ്ട്രക്ചർ എന്നിവയ്ക്ക് സെബി കാരണംകാണിക്കൽ നോട്ടിസ് അയച്ചു.



നോട്ടിസ് ലഭിച്ചെന്ന് സ്റ്റോക്ക് എക്സ്ചേഞ്ചുകൾക്ക് അയച്ച കത്തിൽ ഇരു കമ്പനികളും സമ്മതിക്കുകയും ചെയ്തു. അതേസമയം, സിപിഎല്ലുമായി കമ്പനിക്ക് വായ്പാ ഇടപാടുകളൊന്നുമില്ലെന്ന് റിലയൻസ് പവർ വ്യക്തമാക്കി. സെബിയുടെ നോട്ടിസിന്മേൽ തുടർനടപടിയെടുക്കുമെന്നും കമ്പനി അറിയിച്ചു. സിപിഎല്ലുമായുള്ള തർക്കങ്ങൾ എട്ടുമാസം മുൻപ് ബോംബെ ഹൈക്കോടതിയുടെ മധ്യസ്ഥതയിൽ ഒത്തുതീർപ്പ് വ്യവസ്ഥയിലൂടെ പരിഹരിച്ചതാണെന്ന് റിലയൻസ് ഇൻഫ്രാസ്ട്രക്ചറും പറഞ്ഞു. സെബിയുടെ നോട്ടിസിന്മേൽ തുടർനടപടികളെടുക്കുമെന്നും റിലയൻസ് ഇൻഫ്രാസ്ട്രക്ചർ വ്യക്തമാക്കി.

കഴിഞ്ഞ ഫെബ്രുവരിയിലായിരുന്നു സിപിഎല്ലുമായുള്ള പ്രശ്നങ്ങൾ ഒത്തുതീർത്തത്. ഇത് ഫെബ്രുവരി 9ന് കമ്പനി പരസ്യമായി അറിയിക്കുകയും ചെയ്തിരുന്നു. വായ്പ സംബന്ധിച്ച് കഴിഞ്ഞ 4 വർഷങ്ങളിലെ കമ്പനിയുടെ പ്രവർത്തനഫല സ്റ്റേറ്റ്മെന്റുകൾ കൃത്യമായി രേഖപ്പെടുത്തിയിരുന്നെന്നും കമ്പനി സൂചിപ്പിച്ചിരുന്നു. പണംതിരിമറി ആരോപണങ്ങളെല്ലാം റിലയൻസ് പവറും റിലയൻസ് ഇൻഫ്രാസ്ട്രക്ചറും നിഷേധിച്ചിട്ടുമുണ്ട്.

വിവിധ ബാങ്കുകളിൽ നിന്ന് അനധികൃതമായി വായ്പ തരപ്പെടുത്തി തിരിമറി നടത്തിയെന്ന ആരോപണത്തിന്മേൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും (ഇ.ഡി) സിബിഐയും അന്വേഷണവല മുറുക്കുന്നതിന് പിന്നാലെയാണ് അനിൽ അംബാനിക്കും കമ്പനികൾക്കുംമേൽ സെബിയും നോട്ടിസ് ഉൾപ്പെടെയുള്ള നടപടികളിലേക്ക് കടക്കുന്നത്. ഇക്കഴിഞ്ഞ ജൂലൈയിൽ അനിൽ അംബാനിയുമായി ബന്ധപ്പെട്ട 35 സ്ഥലങ്ങളിലായി 50ഓളം ഓഫിസുകളിൽ ഇ.ഡി റെയ്ഡ് നടത്തിയിരുന്നു. സെബിയുടെ കാരണംകാണിക്കൽ നോട്ടിസിന്റെ പശ്ചാത്തലത്തിൽ റിലയൻസ് ഗ്രൂപ്പ് കമ്പനികളുടെ ഓഹരികൾ നഷ്ടത്തിലേക്ക് വീണു. റിലയൻസ് പവർ 1.37% ഇടിഞ്ഞ് 44.79 രൂപയിലാണ് ഇന്നത്തെ വ്യാപാരം ഉച്ചയ്ക്കത്തെ സെഷനിലേക്ക് കടക്കുന്നതിന് മുൻപുള്ളത്. ഇക്കഴിഞ്ഞ ജൂണിൽ 76.49 രൂപയെന്ന 52ആഴ്ചത്തെ ഉയരത്തിലെത്തിയ ഓഹരിവിലയാണ് ഇപ്പോൾ 45 രൂപയ്ക്ക് താഴെ എത്തിനിൽക്കുന്നത്. റിലയൻസ് ഇൻഫ്രാസ്ട്രക്ചർ ഓഹരികൾ വ്യാപാരം ചെയ്യുന്നത് ഇന്ന് 3.14% ഇടിഞ്ഞ് 236 രൂപയിൽ. ഈ വർഷം ജൂണിൽ ഓഹരിവില 52ആഴ്ചത്തെ ഉയരമായ 425 രൂപയിൽ എത്തിയിരുന്നു.




# ഖത്തറിലും തരംഗമാകാൻ ഇന്ത്യയുടെ യുപിഐ; ഇന്ത്യ–ഖത്തർ ബന്ധം കൂടുതൽ ശക്തമാകുമെന്ന് പീയുഷ് ഗോയൽ

**യുഎഇ:** ഇന്ത്യയുടെ സ്വന്തം ഡിജിറ്റൽ പണമിടപാട് സംവിധാനമായ യുപിഐ ഖത്തറിലും കൂടുതൽ സജീവമാകുന്നു. ഖത്തറിലെ ലുലു ഗ്രൂപ്പ് സ്റ്റോറുകളിൽ യുപിഐ പണമിടപാടുകൾ നടത്താനുള്ള സൗകര്യവും ആരംഭിച്ചു. യുപിഐ സേവനങ്ങളുടെ ലോഞ്ചിങ് നിർവഹിച്ച കേന്ദ്രമന്ത്രി പീയുഷ് ഗോയൽ, ഇന്ത്യഖത്തർ വാണിജ്യസഹകരണത്തിന് ഇതു കൂടുതൽ വേഗം പകരുമെന്ന് അഭിപ്രായപ്പെട്ടു. ഖത്തർ നാഷനൽ ബാങ്കുമായി ചേർന്നാണ് ലുലു യുപിഐ സേവനം അവതരിപ്പിച്ചത്. രൂപയിലും ദിർഹത്തിലും ഉപഭോക്താക്കൾക്ക് ഇതുപയോഗിച്ച് ഇടപാട് നടത്താനാകും. തുക കൈമാറുമ്പോൾ കറൻസി വിനിമയനിരക്ക് ഇല്ലെന്നതും നേട്ടമാണ്. എട്ടരലക്ഷത്തോളം വരുന്ന ഇന്ത്യൻ പ്രവാസികൾക്കും ഇന്ത്യയിൽ നിന്നെത്തുന്ന സഞ്ചാരികൾക്കും ഇതു ഗുണം ചെയ്യും.

ചടങ്ങിൽ ഖത്തറിലെ ഇന്ത്യൻ അംബാസഡർ വിപുൽ, ഖത്തർ നാഷനൽ ബാങ്ക് ചീഫ് ബിസിനസ് ഓഫീസർ യൂസഫ് മഹമ്മൂദ്, ലുലു ഗ്രൂപ്പ് ഗ്ലോബൽ ഓപ്പറേഷൻസ് ഡയറക്ടർ ആൻഡ് ചീഫ് സസ്റ്റൈനബിലിറ്റി ഓഫിസർ മുഹമ്മദ് അൽത്താഫ്, ഖത്തർ സ്റ്റോക്ക് എക്സ്ചേഞ്ച് സിഇഒ അബ്ദുൾ അസീസ് നാസർ, ദ കമേഴ്സ്യൽ അവന്യൂ സിഇഒ അബ്ദുള്ള അബ്ദുൾ റസാഖ് തുടങ്ങിയവർ സംബന്ധിച്ചു. ഹമദ് രാജ്യാന്തര വിമാനത്താവളത്തിലെ ഡ്യൂട്ടിഫ്രീ ഔട്ട്ലെറ്റുകളിൽ നേരത്തേ യുപിഐ സേവനം ആരംഭിച്ചിരുന്നു.

# കാഷ് ഓൺ ഡെലിവറിക്ക് അധിക ചാർജ്; കർശന നടപടിയെന്ന് കേന്ദ്ര മന്ത്രി

**ന്യൂദൽഹി:** ഓൺലൈനിൽ ഉത്പന്നങ്ങൾ വാങ്ങുന്നവർ കാഷ് ഓൺ ഡെലിവറി തെരഞ്ഞെടുത്താൽ അധിക ചാർജ് ഈടാക്കുന്നതിനെതിരേ കർശന നടപടി സ്വീകരിക്കുമെന്ന് കേന്ദ്ര മന്ത്രി പ്രഹ്ലാദ് ജോഷി. പണം നൽകി ഉത്പന്നം ഓർഡർ ചെയ്യുന്നതിന് പകരം ഡെലിവറി ചെയ്യുമ്പോൾ പണം നൽകാമെന്ന ഓപ്ഷൻ തെരഞ്ഞെടുക്കുന്നവരിൽ നിന്നാണ് പല കമ്പനികളും അധികചാർജ് ഈടാക്കുന്നത്. കഴിഞ്ഞ ദിവസം ഇക്കാര്യം ചൂണ്ടിക്കാട്ടി എക്സിൽ പങ്കുവച്ച അനുഭവം വലിയ രീതിയിൽ ശ്രദ്ധ പിടിച്ചു പറ്റിയിരുന്നു. വിഷയത്തൽ വിശദമായ അന്വേഷണത്തിന് ഉത്തരവിട്ടതായും ഇത്തരം പ്ലാറ്റ്ഫോമുകളെ കണ്ടെത്തി കർശനമായനടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ഇന്ത്യയുടെ ഇ കൊമേഴ്സ് മേഖല വളരുന്ന സാഹചര്യത്തിൽ ഉപയോക്താവിന്റെ അവകാശങ്ങളെ ഹനിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾക്കെതിരേ കർശന നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. ഉപയോക്താവ് അറിയാതെ തന്നെ പല തരത്തിൽ പണം വാങ്ങിയെടുക്കുന്ന ഇരുണ്ട രീതികളാണ് പല കമ്പനികളും പിന്തുടർന്നു വരുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഉത്പന്നങ്ങളുടെ എണ്ണം കുറച്ചു കാണിച്ച് എത്രയും പെട്ടെന്ന് വാങ്ങാൻ പ്രേരിപ്പിക്കുന്നതും ഇത്തരം പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നുണ്ട്.

ഉത്പന്നത്തിന്റെ വിലയെ സംബന്ധിച്ച് ആശയക്കുഴപ്പമുണ്ടാക്കും വിധം സംസാരിക്കുന്നതും ശരിയായ രീതിയല്ല. എത്രയും പെട്ടെന്ന ഇ കൊമേഴ്സ് കമ്പനികളുടെ യോഗം വിളിച്ച് ഇത്തരം പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ നിർദേശിച്ചിരുന്നു. ജാഗൃതി ആപ്പ് വഴി ഉപഭോക്താക്കൾക്ക് പരാതികൾ സമർപ്പിക്കാവുന്നതാണ്.




# നവരാത്രിക്കാലത്തെ വിൽപനയിൽ റെക്കോഡ്; ജിഎസ് ടി കുറച്ചതിനാൽ കഴിഞ്ഞ 10 വർഷത്തെ റെക്കോഡ് വിൽപന

**മുംബൈ:** നവരാത്രിക്കാലത്തെ കടകളിലെ വിൽപനയിൽ റെക്കോഡെന്ന് റിപ്പോർട്ടുകൾ. 375 ഇനങ്ങൾക്ക് നികുതി വെട്ടിക്കുറച്ചതോടെ കഴിഞ്ഞ 10 വർഷത്തെ കണക്കെടുത്താൽ ഏറ്റവും വലിയ വിൽപനയാണ് നടന്നതെന്ന് പറയുന്നു.

കാർ വിൽക്കുന്ന ഡിപ്പോകൾ തൊട്ട് ചില്ലറ വിൽപനശാലകളിൽ വരെ വൻതോതിൽ വിൽപന ഉണ്ടായി. വില കുറഞ്ഞതോടെ പലരും പുതിയ മോഡൽ കാറുകളിലേക്ക് മാറി. ഫ്രിഡ്ജ് ഉൾപ്പെടെയുള്ള വൈറ്റ് ഗുഡ്സുകളുടെ വിൽപന വർധിച്ചു. വിവിധ മറ്റ് ഉപഭോക്തൃ ഉൽപന്നങ്ങളും ജനങ്ങൾ വാങ്ങിക്കൂട്ടി. ഇതോടെ വില്പനയിൽ റെക്കോഡാണ് രേഖപ്പെടുത്തിയത്. കാർ വില കുറഞ്ഞതോടെ മാരുതി ഷോറൂമിന് ലഭിച്ചത് രണ്ട് ലക്ഷം ബുക്കിങ്ങാണ്. ടാറ്റാ മോട്ടോഴ്സ് 50,000 വാഹനങ്ങൾ വിറ്റഴിച്ചു. മഹീന്ദ്ര ആൻറ് മഹീന്ദ്രയുടെ ഉയർന്ന മോഡൽ കാറുകളായ എക്സ് യുവി 700, സ്കോർപിയോ എൻ വിൽപന എന്നിവയുടെ വില്പനയിൽ 60 ശതമാനം കുതിപ്പുണ്ടായി. ഹ്യൂണ്ടായിക്കും വൻ വിൽപനകുതിപ്പുണ്ടായി. ഹ്യുണ്ടായുടെ ക്രെറ്റ, വെന്യൂ എന്നീ കാറുകളുടെ വിൽപനയിൽ കുതിപ്പുണ്ടായി.

എൽജി, ഹെയർ, സാംസങ്ങ് എന്ന ഗൃഹോപകരണബ്രാൻറുകളുടെ വിൽപന നേരെ ഇരട്ടിയായി.



ഭക്ഷ്യോൽപന്നങ്ങൾ, നിത്യോപയോഗസാധനങ്ങൾ, ഫ്രിജ്ഡ്, വാഷിംഗ് മെഷീനുകൾ പോലുള്ള വൈറ്റ് ഗുഡ്സുകൾ എന്നിവയ്ക്ക് കേന്ദ്രവും സംസ്ഥാനങ്ങളും ജിഎസ് ടി നിരക്കുകൾ കുറച്ചിരുന്നു. ആഡംബരവസ്തുക്കൾക്കും പുകയില ഒഴികെയുള്ള നിയമനിയന്ത്രണമുള്ള വസ്തുക്കൾക്കും വരെ നികുതി കുറച്ചിരുന്നു. പരോക്ഷ നികുതി ലളിതമാക്കിയതിന്റെ ലക്ഷ്യം ഉപഭോഗം വർധിപ്പിക്കുക എന്നതാണ്. സർക്കാരിന്റെ നികുതി വരുമാനത്തെ അൽപം ബാധിക്കുമെങ്കിലും ഇത് വൻതോതിൽ ഉപകാരപ്പെടും. 'ഉപഭോഗത്തെ ആസ്പദമാക്കി കുതിക്കുന്ന ഇന്ത്യയുടെ സമ്പദ്ഘടനയ്ക്ക് ജിഎസ് ടി നിരക്കുകൾ ഉദാരമാക്കിയതോടെ വൻകുതിപ്പാണ് ഉണ്ടായത്. ബ്രാൻറുകൾക്ക് മാത്രമല്ല, സാധാരണ കടകൾക്ക് വരെ വിൽപനയിൽ 25 ശതമാനം മുതൽ 100 ശതമാനം വരെ കുതിപ്പുണ്ടായി' സർക്കാർ ഉദ്യോഗസ്ഥർ പറയുന്നു. ഏകദേശം 375 ഉൽപന്നങ്ങൾക്ക് ജിഎസ് ടി കുറയ്ക്കുന്നതായി പ്രധാനമന്ത്രി മോദി പ്രഖ്യാപിച്ചപ്പോൾ ബിസിനസുകാരെല്ലാം തുടക്കത്തിൽ സർക്കാരിനെ വിമർശിച്ചിരുന്നു. അവരുടെ വരുമാനം കുറയുമെന്നതായിരുന്നു ആശങ്ക. ആഗസ്ത് മാസത്തിലെ വിൽപന ഒമ്പത് ശതമാനമായി ഉയർന്നിരുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ട്രീ ബാങ്ക് പദ്ധതിയുമായി വനം വകുപ്പ്



**കോഴിക്കോട്:** മരം വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് ട്രീ ബാങ്ക് പദ്ധതിയുമായി വനം വകുപ്പ്. സ്വകാര്യ ഭൂമിയിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നവർക്ക് ധനസഹായം നൽകുന്നതാണ് പദ്ധതി. സർക്കാർ നിശ്ചയിച്ച വൃക്ഷത്തൈകൾ നടുന്നവർക്ക് 15 വർഷം വരെ ധനസഹായം ലഭിക്കും. പദ്ധതി കാലാവധി പൂർത്തിയായ ശേഷം സ്ഥല ഉടമക്ക് സോഷ്യൽ ഫോറസ്റ്റ് ഡിവിഷൻ ഓഫീസിന്റെ അനുമതിയോടെ മരങ്ങൾ മുറിച്ചെടുക്കാനുള്ള അനുവാദവും ഉണ്ടാകും. സംസ്ഥാനത്തെ വൃക്ഷാവരണം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

സ്വന്തമായി ഭൂമിയുള്ളവർക്കും കുറഞ്ഞത് 15 വർഷത്തെ പാട്ടത്തിന് ഭൂമി കൈവശമുള്ളവർക്കും പദ്ധതിയിൽ അംഗങ്ങളാവാം. ചന്ദനം, തേക്ക്, റോസ് വുഡ്, പ്ലാവ്, കാട്ടുപ്ലാവ്, തമ്പകം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, കുമ്പിൽ, കരിമരുത്, വെൺതേക്ക്, വീട്ടി എന്നിവയാണ് പദ്ധതി പ്രകാരം നടേണ്ടത്. ആദ്യഘട്ടത്തിൽ ചന്ദനത്തൈകളാണ് നട്ടുപിടിപ്പിക്കുക

പദ്ധതിയിൽ അംഗങ്ങളാകാൻ താൽപര്യമുള്ളവർ പ്രാദേശിക പരിധിയിലുള്ള സാമൂഹിക വനവത്കരണവിഭാഗം റെയ്ഞ്ച് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. റെയ്ഞ്ച് ഓഫീസർ രേഖകളും ഭൂമിയും പരിശോധിച്ച് നടാൻ സാധിക്കുന്ന വൃക്ഷത്തൈകളുടെ എണ്ണം തീരുമാനിക്കും. കുറഞ്ഞത് 10 തൈകളെങ്കിലും നടാനാകണം. രജിസ്റ്റർ ചെയ്യുമ്പോൾ വനംവകുപ്പുമായി ധാരണാപത്രം ഒപ്പിടണം. തൈകൾ നട്ടുവളർത്തുന്നതിനുള്ള പ്രോത്സാഹന സഹായധനം മൂന്നാം വർഷം മുതലാണ് നൽകുക. പരിപാലിക്കുന്നവർക്ക് 15 വർഷംവരെ ഇത് ലഭിക്കും. സാമൂഹിക വനവത്കരണ വിഭാഗത്തിന്റെ നഴ്സറികളിൽ നിന്ന് എല്ലാ വർഷവും ജൂൺ-ജൂലൈ മാസങ്ങളിൽ സൗജന്യമായി വൃക്ഷത്തൈകൾ നൽകും. 15 വർഷത്തിനു ശേഷം ഉടമകൾക്ക് സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഓഫീസിന്റെ അനുമതിയോടെ മരങ്ങൾ സ്വന്തം ആവശ്യത്തിന് മുറിച്ച് ഉപയോഗിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യാമെന്ന് ഉത്തരമേഖല സാമൂഹിക വനവത്കരണ വിഭാഗം കൺസർവേറ്റർ ആർ. കീർത്തി പറഞ്ഞു.



ട്വന്റി20 പാർട്ടിയുടെ സംസ്ഥാന തിരഞ്ഞെടുപ്പ് കൺവെൻഷൻ കോലഞ്ചേരിയിൽ പാർട്ടി പ്രസിഡന്റ് സാബു എം.ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു

# ട്വന്റി20 പാർട്ടി സംസ്ഥാന ഇലക്ഷൻ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു

**കോലഞ്ചേരി:** ഇൻഡി മുന്നണിക്കെതിരെയാണ് വരാൻ പോകുന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ട്വന്റി20 പാർട്ടി മത്സരിക്കുന്നതെന്ന് പാർട്ടി പ്രസിഡന്റ് സാബു എം. ജേക്കബ്. പാർട്ടിയുടെ സംസ്ഥാന ഇലക്ഷൻ കൺവെൻഷൻ കോലഞ്ചേരിയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

'വിലക്കയറ്റം പിടിച്ചു നിറുത്തുമെന്ന് പറഞ്ഞ് അധികാരത്തിലെത്തിയ പിണറായി വിജയൻ സമ്പൂർണ്ണ പരാജയമാണ്. വിലക്കയറ്റം പിടിച്ചുനിറുത്തുന്നതിന് പകരം കിഴക്കമ്പലത്തെ ഭക്ഷ്യസുരക്ഷാ മാർക്കറ്റ് പൂട്ടിക്കുകയാണ് ചെയ്തത്. ഇപ്പോൾ ശബരിമലയിലെ സ്വർണ്ണം കടത്തിക്കൊണ്ടുപോയിരിക്കുന്നു. അയ്യപ്പസ്വാമി തന്നെ ഇപ്പോൾ സുരക്ഷിതനല്ലാത്ത സാഹചര്യമാണിപ്പോൾ കേരളത്തിൽ. അഴിമതി നടത്താതെ ഭരണം നടത്തുന്ന ട്വന്റി 20 പഞ്ചായത്തുകളിൽ 80 തവണയാണ് പിണറായിയുടെ വിജിലൻസ് കയറിയിറങ്ങിയത്. അഴിമതി ഇല്ലാതെ ഭരിച്ചാൽ ഓരോ പഞ്ചായത്തിലും ഒരു വർഷം രണ്ട് മുതൽ മൂന്ന് കോടി രൂപ വരെ മിച്ചം വരും. കിഴക്കമ്പലത്ത് പത്ത് വർഷവും മറ്റ് പഞ്ചായത്തുകളിൽ അഞ്ച് വർഷവും ഭരിച്ചുകഴിഞ്ഞപ്പോൾ 50 കോടി രൂപ പഞ്ചായത്തുകളിൽ മിച്ചം വന്നിട്ടുണ്ട്.'

വരാൻപോകുന്ന തിരഞ്ഞെടുപ്പിൽ ഒമ്പത് ജില്ലകളിലായി 60 പഞ്ചായത്തിലും മൂന്ന് മുനിസിപ്പാലിറ്റികളിലും, കൊച്ചി കോർപ്പറേഷനിലും മത്സരിക്കും. 1600 സ്ഥാനാർത്ഥികൾ മത്സരരംഗത്തുണ്ടാകും. കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തിലെയും മുഴുവൻ സീറ്റിലും ട്വന്റി20 വിജയിക്കും.

അധികാരത്തിൽ വരുന്ന എല്ലാ പഞ്ചായത്തിലും 24 മണിക്കൂറിലും പ്രവർത്തിക്കുന്ന സൗജന്യ ആബുലൻസ് സർവ്വീസ് ആരംഭിക്കും. സഞ്ചരിക്കുന്ന ആശുപത്രിയും തുടങ്ങും. പൂട്ടിക്കിടക്കുന്ന ഭക്ഷ്യസുരക്ഷാമാർക്കറ്റ് ഡിസംബർ 20 തുറക്കും.

ആരോഗ്യ സുരക്ഷ മെഡിക്കൽ സ്റ്റോറിന്റെ പ്രവർത്തനം വ്യാപിപ്പിക്കും. ഒറ്റയ്ക്ക് മത്സരിക്കുന്ന ട്വന്റി 20 യെ പരാജിയപ്പെടുത്താൻ ഇടത് വലത് മുന്നണികളിലെ 22 പാർട്ടികളുടെ കൂട്ടായ്മയായ ഇൻഡിമുന്നണി പ്രചരിപ്പിക്കുന്ന ഏത് രാഷ്ട്രീയ കളികളും നേരിടാൻ പാർട്ടി തയ്യാറാണെന്നും സാബു ജേക്കബ് പറഞ്ഞു. കൺവെൻഷനിൽ സംസ്ഥാന നേതാക്കളായ പി.വൈ അബ്രാഹം, വി. ഗോപകുമാർ, ജോർജ് പോൾ, ചാർളി പോൾ, ജിബി എബ്രാഹം, ജിന്റോ ജോർജ് തുടങ്ങിയവർ പ്രസംഗിച്ചു.

# വികസന സദസ്സ് സംഘടിപ്പിച്ചു

**ആലപ്പുഴ:** സംസ്ഥാനസർക്കാരിന്റെയും ത്രിതല പഞ്ചായത്തുകളുടെയും വികസനക്ഷേമ പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കാനും ഭാവി വികസനത്തിന് പൊതുജനാഭിപ്രായം സ്വരൂപിക്കാനും രാമങ്കരി ഗ്രാമപഞ്ചായത്തിൽ വികസനസദസ്സ് സംഘടിപ്പിച്ചു. രാമങ്കരി സർവീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ നടന്ന സദസ്സ് വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി കെ വേണുഗോപാൽ ഉദ്ഘാടനം ചെയ്തു.

പഞ്ചായത്തിനെ സമ്പൂർണ്ണ അതിദാരിദ്ര്യ മുക്തമാക്കുന്നതിന്റെ ഭാഗമായി രണ്ടു കുടുംബങ്ങളെ കണ്ടെത്തി അതിദരിദ്ര മുക്തമാക്കിയതായും ലൈഫ് ഭവനപദ്ധതി വഴി ഭവന രഹിത ഗുണഭോക്താക്കളിൽ 124 പേർക്ക് വീട് പൂർത്തീകരിച്ചു നൽകിയതായും ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കളിൽ 34 പേർക്ക് സ്ഥലം വാങ്ങി നൽകിയതായും പഞ്ചായത്തിന്റെ പ്രോഗ്രസ്സ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി.

ഡിജി കേരളം വഴി കണ്ടെത്തിയ 1285 പഠിതാക്കളുടെയും പരിശീലനം പൂർത്തീകരിച്ചു. മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പഞ്ചായത്തിലെ 13 വാർഡുകളിലായി 29 മിനി എംസിഎഫുകൾ സ്ഥാപിച്ചു. ഹരിതകർമ്മസേനക്ക് ഇലക്ട്രിക് ഓട്ടോ വാങ്ങി നൽകി. ഗാർഹിക ഗുണഭോക്താക്കൾക്ക് 200 ബോക്കാഷി ബക്കറ്റും 780 ബിന്നും വിതരണം ചെയ്തു. ഘടക സ്ഥാപനങ്ങൾ, അങ്കണവാടികൾ, സ്കൂളുകൾ ഉൾപ്പടെ 33 സ്ഥാപനങ്ങൾക്ക് ജൈവമാലിന്യ സംസ്കരണ ഉപാധികൾ നൽകി മാലിന്യ മുക്ത പഞ്ചായത്താക്കി മാറ്റിയതുൾപ്പടെയുള്ള നേട്ടങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു. കെസ്മാർട്ട് സേവനങ്ങൾ നൽകാൻ സദസ്സിന്റ ഭാഗമായി ഒരുക്കിയ കെസ്മാർട്ട് ക്ലിനിക്കിലൂടെ കെട്ടിട നികുതി രസീത്, ബിൽഡിംഗ് സർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റ്, കെട്ടിട സർട്ടിഫിക്കറ്റ് തുടങ്ങിയ വിവിധ ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കി.

ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് ആർ രാജുമോൻ അധ്യക്ഷനായി. എൽ എസ് ജി ഡി ജോയിന്റ് ഡയറക്ടർ ബിൻസി സി തോമസ് പ്രോഗ്രസ് റിപ്പോർട്ട് പ്രകാശനം ചെയ്തു. റിസോഴ്സ് പെഴ്സൺ ജി റ്റി അഭിലാഷ് സംസ്ഥാന സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളും പഞ്ചായത്ത് സെക്രട്ടറി എ ഭാമ ദേവി പഞ്ചായത്തിന്റെ നേട്ടങ്ങളും അവതരിപ്പിച്ചു.

ആസൂത്രണ സമിതി ഉപാധ്യക്ഷൻ റ്റി ആർ രാജ്മോഹന്റെ നേതൃത്വത്തിൽ ഓപ്പൺ ഫോറം നടന്നു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് രമ്യ സജീവ്, സ്ഥിരംസമിതി അധ്യക്ഷരായ മോൾജി രാജേഷ്, ഡെന്നി സേവ്യർ, സൂര്യ ജിജിമോൻ, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ ആശ ജോസഫ്, പ്രമോദ് ചന്ദ്രൻ, പഞ്ചായത്തംഗങ്ങളായ സോളി ആന്റണി, കുഞ്ഞുമോൾ ശിവദാസ്, കെ റോഷ്ന, സജീവ് ഉതുംതറ, ഷീന റെജപ്പൻ, കെ പി അജയ് ഗോഷ്, ബിൻസ് ജോസഫ്, ബി സരിൻ കുമാർ, എൽ എസ് ജി ഡി ഡെപ്യൂട്ടി ഡയറക്ടർ സി അലക്സ്, അസിസ്റ്റന്റ് സെക്രട്ടറി പി സജി, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

ഈ വർഷത്തെ നെഹ്റുട്രോഫി വള്ളംകളി ജേതാക്കളായ വീയപുരം ചുണ്ടന്റെ ലീഡിങ് ക്യാപ്റ്റൻ ബൈജു പുളിമുട്ടിൽ, കർഷകർ, വിദ്യാർഥികൾ, പ്രതിഭകൾ, ആശാ പ്രവർത്തകർ, ഹരിതകർമ്മസേനാഗംങ്ങൾ എന്നിവരെ ചടങ്ങിൽ ആദരിച്ചു. 330 ഓളം പേർ സദസ്സിന്റെ ഭാഗമായി. സദസ്സിന്റെ ഭാഗമായി സംഘടിപ്പിച്ച വിജ്ഞാന കേരളം തൊഴിൽമേളയിൽ 21 തൊഴിലന്വേഷകർ പങ്കെടുത്തു. രണ്ട് കമ്പനികളിലേക്കാണ് അഭിമുഖം നടത്തിയത്.

# ബ്ളോക്ക് ഇന്നോവേഷൻ ക്ലസ്റ്റർ: ധാരണാപത്രത്തിൽ ഒപ്പുവെച്ചു

**ആലപ്പുഴ:** കേരള ഡെവലപ്മെന്റ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിലും (കെഡിസ്ക്) കിലയും ചേർന്ന് നടപ്പാക്കുന്ന ഒരു പഞ്ചായത്തിനു ഒരു ആശയം പദ്ധതിയുടെ ഭാഗമായ ബ്ലോക്ക് ഇന്നോവേഷൻ ക്ലസ്റ്റർ രൂപീകരണവുമായി ബന്ധപ്പെട്ട ധാരണാപത്രം ടി.കെ.എം എൻജിനീയറിംഗ് കോളജിൽ ഒപ്പുവെച്ചു. മുഖത്തല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സി റോസിയും പ്രിൻസിപ്പൽ ഡോ. എ സാദിഖുമാണ് ഒപ്പുവെച്ചത്. മുഖത്തല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി യശോദ, വൈസ് പ്രസിഡന്റ് ഹുസൈൻ, സിവിൽ എൻജിനീയറിംഗ് വിഭാഗം മേധാവി ഡോ. ആദർശ്, ഡോ. ഫാസിൽ എ, ഡോ.അൽത്താഫ് സംഗീത്, കില ജില്ലാ പ്രോജക്ട് കോഓർഡിനേറ്റർ പി. എം റെജില തുടങ്ങിയവർ പങ്കെടുത്തു.

പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസഹായവും പ്രാദേശിക ഏകോപനവും ബ്ലോക്ക് പഞ്ചായത്ത് ഉറപ്പാക്കും. ടി.കെ.എം എൻജിനീയറിംഗ് കോളജ് ശാസ്ത്രീയ പഠനങ്ങൾ, ഡി.പി.ആർ തയ്യാറാക്കൽ, സാങ്കേതിക മാർഗനിർദേശം, നവീകരണ രൂപകല്പനകൾ എന്നിവയിൽ സഹകരിക്കും. സർക്കാർ, അക്കാദമിക് സ്ഥാപനങ്ങൾ, വ്യവസായം, സിവിൽ സൊസൈറ്റി എന്നിവയുടെ കൂട്ടായ്മ പ്രായോഗികതലത്തിൽ സാക്ഷാത്കരിക്കുകയാണ് ലക്ഷ്യം.




ലോക കാഴ്ച്ച ദിനാചരത്തിന്റെ ഭാഗമായി ദി ഐ ഫൗണ്ടേഷൻ കണ്ണാശുപത്രിയിൽ ഒരുമാസം നീണ്ടുനിൽക്കുന്ന സൗജന്യ നേത്ര പരിശോധന ക്യാമ്പ് ഉണ്ടാകുമെന്ന് എറണാകുളം പ്രസ്സ് ക്ലബ്ബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ ആശുപത്രി മെഡിക്കൽ സൂപ്രണ്ട് ഡോ. പ്രവീൺ മുരളി അറിയിക്കുന്നു. മാർക്കറ്റിംഗ് മാനേജർ എസ്. അജിത് കുമാർ, കാറ്ററാക്ട്, ഗ്ലൂക്കോമ ആന്റ് റിഫ്രാക്റ്റീവ് സർജൻ ഡോ. ഉമേഷ് കൃഷ്ണ, മാനേജർ എ.ടി ദയാനിധി എന്നിവർ സമീപം.

# സൗജന്യ നേത്ര പരിശോധനയുമായി ദി ഐ ഫൗണ്ടേഷൻ കണ്ണാശുപത്രി

**കൊച്ചി :** ലോക കാഴ്ച്ച ദിനാചരണത്തിന്റെ ഭാഗമായി ഇടപ്പള്ളി ചങ്ങംപുഴ പാർക്കിന് സമീപം പ്രവർത്തിക്കുന്ന ദി ഐ ഫൗണ്ടേഷൻ കണ്ണാശുപത്രിയിൽ ഒരുമാസം നീണ്ടുനൽക്കുന്ന സൗജന്യ നേത്ര പരിശോധന ക്യാമ്പ് ഉണ്ടാകുമെന്ന് ആശുപത്രി മെഡിക്കൽ സൂപ്രണ്ട് ഡോ. പ്രവീൺ മുരളി, കാറ്ററാക്ട് ഗ്ലൂക്കോമ ആന്റ് റിഫ്രാക്റ്റീവ് സർജൻ ഡോ. ഉമേഷ് കൃഷ്ണ, മാനേജർ എ. ടി ദയാനിധി, മാർക്കറ്റിംഗ് മാനേജർ എസ്. അജിത് കുമാർ എന്നിവർ അറിയിച്ചു. ഒക്ടോബർ 31വരെ ഞായറാഴ്ച്ചകൾ ഒഴികെ എല്ലാ ദിവസവും രാവിലെ 9 മുതൽ വൈകിട്ട് 6 വരെയാണ് സൗജന്യ നേത്ര പരിശോധന.

ആദ്യം രജിസ്റ്റർ ചെയ്യുന്ന 250 പേർക്ക് സൗജന്യ തിമിര നിർണ്ണയവും, തിമിര ലേസർ റോബോട്ടിക് സർജറിക്ക് 20 ശതമാനം കിഴിവും മറ്റ് പരിശോധനകൾക്ക് 10 ശതമാനം കിഴിവും ലഭ്യമാക്കും.

കണ്ണട ഒഴിവാക്കാൻ ആഗ്രഹിക്കുന്ന 18നും 40 നും ഇടയിൽ പ്രായമുള്ളവർക്കും സൗജന്യ ലാസിക് സ്ക്രീനിങ്ങ് ടെസ്റ്റും മറ്റ് പരിശോധനകൾക്ക് കിഴിവുകളും ഉണ്ടാകും. ലോക കാഴ്ച്ച ദിനമായ ഒക്ടോബർ 9 ന് ആശുപത്രിയിൽ നിന്നും ഇടപ്പള്ളി വരെ മാരത്തോണും സംഘടിപ്പിച്ചിട്ടുണ്ട്. മാരത്തോണിന്റെ ഉദ്ഘാടനം ജസ്റ്റീസ് (റിട്ട) കെമാൽ പാഷ നിർവ്വഹിക്കും. കൂടുതൽ വിവരങ്ങൾക്ക് 0484 4242000, 9280099171



# ഭക്ഷ്യ സ്വയംപര്യാപ്തത സാധ്യമാക്കാൻ ഭാവനാപൂർണമായ പദ്ധതികൾ നടപ്പാക്കുമെന്ന് മന്ത്രി ജെ ചിഞ്ചുറാണി

**കൊല്ലം:** പാൽ, മുട്ട, മാംസം എന്നിവയിൽ സ്വയംപര്യാപ്തത നേടാൻ ഭാവനാപൂർണമായ പദ്ധതികൾ കൊണ്ടുവരുമെന്നു മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി. വിഷൻ 2031 ന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് സംഘടിപ്പിക്കുന്ന സെമിനാറിന്റെ സ്വാഗതസംഘം രൂപീകരണ യോഗം കടയ്ക്കൽ ടൗൺഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ചിഞ്ചു.

പാൽ ഉൽപ്പാദനം, മുട്ട ഉൽപ്പാദനം, ഇറച്ചി ഉൽപ്പാദനം, സേവനരംഗം, പൊതുജനാരോഗ്യരംഗം എന്നിങ്ങനെ അഞ്ചു മേഖലകളായാണ് സെമിനാർ. ജനിതകമേന്മയുള്ള പശുക്കളെ ഉത്പാദിപ്പിക്കണം. എല്ലാ വീട്ടിലും മുട്ടക്കോഴികളെ വളർത്താൻ സാഹചര്യമൊരുങ്ങും. അസംഘടിത ഇറച്ചി ഉല്പാദന മേഖലയുടെ വികസനത്തിന് പദ്ധതികൾ തയ്യാറാക്കും. അറവുശാലയിലെ ഉപോല്പന്നങ്ങൾ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ കൊണ്ടുവരും.

സേവനമേഖലയിൽ രോഗനിർണയസംവിധാനങ്ങൾ ശക്തിപ്പെടുത്താൻ കാലോചിതമായ സാങ്കേതികവിദ്യ നടപ്പാക്കും. നിർമ്മിത ബുദ്ധിയിൽ അധിഷ്ഠിതമായ ചാറ്റ്ബോട്ടുകളും പ്രയോജനപ്പെടുത്തും. തെരുവുനായ ശല്യത്തിന് പരിഹാരമായി പോർട്ടബിൾ എ.ബി.സി സെന്ററും വാക്സിനേഷനും എല്ലാ ജില്ലകളിലും കൂടുതൽശക്തമാക്കും. നൂതന ആശയങ്ങൾ സ്വരൂപിക്കാൻ സെമിനാർ വഴിയൊരുക്കുമെന്നും ചിഞ്ചു കൂട്ടിച്ചേർത്തു.

മന്ത്രി ചിഞ്ചു ചെയർപേഴ്സണായ 12 അംഗ നിർവാഹകസമിതിയും 325 പേർ അടങ്ങുന്ന സ്വാഗതസംഘവും രൂപീകരിച്ചു. ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലതിക വിദ്യാധരനാണ് നിർവാഹക സമിതിയുടെ കൺവീനർ. ജില്ലാ കലക്ടർ എൻ ദേവിദാസ്, ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. ഡി ഷൈൻകുമാർ എന്നിവർക്കാണ് ഏകോപന ചുമതല.

# ലോക മാനസിക ആരോഗ്യ ദിനാചരണം ഒക്ടോബർ പത്തിന്

**കൊച്ചി:** എറണാകുളം സൈക്യാട്രിക് സൊസൈറ്റി (ഇപിഎസ്) ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റി (ഐപിസ്) കേരള ഘടകത്തിന്റെയും ഇന്ത്യൻ മെഡിക്കൽ അസോസ്സിയേഷൻ (ഐഎംഎ) സംസ്ഥാന ശാഖയുടെയും സഹകരണത്തോടെ ലോക മാനസിക ആരോഗ്യ ദിനാചരണം നടത്തുന്നു. ലോക മാനസിക ആരോഗ്യ ദിനമായ ഒക്ടോബർ പത്തിന് രാത്രി എട്ടിന് കലൂർ ഐഎംഎ ഹൗസിലാണ് ദിനാചരണം സംഘടിപ്പിച്ചിരിക്കുന്നത്. ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റി എറണാകുളം ശാഖ പ്രസിഡന്റും, ഐപിസ് സംസ്ഥാന ഘടകം പ്രസിഡന്റുമായ ഡോ. അനൂപ് വിൻസെന്റ് അധ്യക്ഷത വഹിക്കും. ദിനാചരണം കോട്ടയം മെഡിക്കൽ കോളജ് പ്രിൻസിപ്പാൾ ഡോ. വർഗീസ് പി. പുന്നൂസ് ഉദ്ഘാടനം ചെയ്യും. ഐഎംഎ സംസ്ഥാന പ്രസിഡന്റ് കെ.എ ശ്രീവിലാസൻ മുഖ്യ പ്രഭാഷണം നടത്തും. ആകസ്മിക ദുന്തങ്ങളിലും അത്യാഹിത സന്ദർഭങ്ങളിലും സംഭവിക്കുന്ന മാനസിക പ്രശ്നങ്ങളെക്കുറിച്ച് ശ്രീനാരായണ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് മെഡിക്കൽ സയൻസ് സൈക്യാട്രി വിഭാഗം പ്രൊഫസർ ഡോ. അശോക് ആന്റണി പ്രബന്ധം അവതരിപ്പിക്കും. ഐഎംഎ മിഡ് സോൺ പ്രസിഡന്റ് ഡോ.കെ സുദർശൻ, സ്റ്റേറ്റ് പ്രസിഡന്റ് ഇലക്ട് ഡോ. എം. എൻ മേനോൻ, ജോയിന്റ് സെക്രട്ടറി ഡോ. അലക്സ് ഇട്ടിചെറിയ, ഐപിഎസ് ട്രഷററും, ഇപിഎസ് സെക്രട്ടറിയുമായ ഡോ. ടി.സി വിഷ്ണു, ഐഎംഎ കൊച്ചി പ്രസിഡന്റ് ഡോ. അതുൽ ജോസഫ് മാനുവൽ, ഇപിഎസ് ട്രഷറർ ഡോ. അശ്വിൻ കൃഷ്ണൻ അജിത്ത് തുടങ്ങിയവർ പ്രസംഗിക്കും

EPS
ERNAKULAM PSYCHIATRIC SOCIETY

# തദ്ദേശ തിരഞ്ഞെടുപ്പ്: പരിശീലനത്തിന് തുടക്കമായി

**ആലപ്പുഴ:** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പിന് മുന്നോടിയായി വരണാധികാരികൾക്കും ഉപവരണാധികാരികൾക്കും വിവിധ വിഷയങ്ങളിലുള്ള പരിശീലനത്തിന് ജില്ലയിൽ തുടക്കമായി. ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന പരിശീലന പരിപാടി ജില്ലാ കളക്ടർ അലക്സ് വർഗീസ് ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത്, ആലപ്പുഴ നഗരസഭ വരണാധികാരികൾ, ഉപവരണാധികാരികൾ, തൈക്കാട്ടുശ്ശേരി, പട്ടണക്കാട്, കഞ്ഞിക്കുഴി എന്നീ ബ്ലോക്കുകളിലെയും അവയ്ക്ക് കീഴിൽ വരുന്ന പഞ്ചായത്തുകളിലെയും വരണാധികാരികൾ, ഉപവരണാധികാരികൾ, ജില്ലാതല ഉദ്യോഗസ്ഥർ, പഞ്ചായത്ത് സെക്രട്ടറിമാർ തുടങ്ങിയവർ പരിശീലനത്തിൽ പങ്കെടുത്തു.

തിരഞ്ഞെടുപ്പ് വിഭാഗം ഡെപ്യൂട്ടി കളക്ടർ എസ് ബിജു അധ്യക്ഷനായി. തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ എന്ന വിഷയത്തിൽ എൽഎസ്ജിഡി ഇന്ത്യൻ വിജിലൻസ് ഓഫീസർ പി പി ഉദയസിംഹൻ, എൽഎസ്ജിഡി ജൂനിയർ സൂപ്രണ്ട് എം ഡി കരൺ എന്നിവർ പരിശീലനം നൽകി. എൽഎസ്ജിഡി സീനിയർ സൂപ്രണ്ട് ബിനു ഗോപാൽ മാതൃക പെരുമാറ്റച്ചട്ടം, ഹെഡ് ക്ലർക്ക് എം എസ് നിയാസ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ, എൽഎസ്ജിഡി ടെക്നിക്കൽ അസിസ്റ്റന്റ് ദീപു കൃഷ്ണൻ ഐടി ആപ്ലിക്കേഷൻസ് എന്നിവയിൽ പരിശീലനം നൽകി. ജില്ലാ ട്രെയിനിങ് നോഡൽ ഓഫീസറും അമ്പലപ്പുഴ തഹസിൽദാറുമായ എസ് അൻവർ, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. ഒക്ടോബർ എട്ടിന് കായംകുളം, ഹരിപ്പാട്, മാവേലിക്കര എന്നീ നഗരസഭകൾ, ആര്യാട്, അമ്പലപ്പുഴ, ചമ്പക്കുളം എന്നീ ബ്ലോക്കുകളിലെയും അവയ്ക്ക് കീഴിൽ വരുന്ന പഞ്ചായത്തുകളിലെയും വരണാധികാരികൾ, ഉപവരണാധികാരികൾ എന്നിവർക്ക് പരിശീലനം നൽകും. ഒമ്പതിന് വെളിയനാട്, ചെങ്ങന്നൂർ, ഹരിപ്പാട് എന്നീ ബ്ലോക്കുകളിലെയും അവയ്ക്ക് കീഴിൽ വരുന്ന പഞ്ചായത്തുകളിലെയും വരണാധികാരികൾക്കും ഉപവരണാധികാരികൾക്കും പരിശീലനം നൽകും.

# റീജിയണൽ എസ്.ആർ.സി കോർഡിനേറ്റർ: അപേക്ഷ ക്ഷണിച്ചു

**കൊച്ചി :** സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷന്റെ എറണാകുളം കോഴിക്കോട് റീജിയണൽ ഓഫീസുകളിൽ റീജിയണൽ എസ്.ആർ.സി കോഓഡിനേറ്ററെ ഒരു വർഷത്തേക്ക് കരാറിൽ നിയമിക്കുന്നു. ഉദ്യോഗാർഥികൾ വിശദമായ ബയോഡാറ്റ, യോഗ്യത, പരിചയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം 15 ന് വൈകിട്ട് 5 മണിക്കകം മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ, പൂജപ്പുര (പി.ഒ) തിരുവനന്തപുരം- 12 എന്ന വിലാസത്തിൽ അപേക്ഷ നൽകണം. രണ്ട് ഒഴിവുണ്ട്. അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും എംഎസ്ഡബ്ല്യുവിൽ ബിരുദമോ സോഷ്യോളജിയിൽ ബിരുദാനന്തര ബിരുദവും അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും ബിഎസ്ഡബ്ല്യു ബിരുദവും ആണ് യോഗ്യത. ഏതെങ്കിലും സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഭിന്നശേഷി മേഖലയിൽ രണ്ട് വർഷത്തിൽ കുറയാത്ത പ്രവർത്തന പരിചയം വേണം. പ്രതിമാസം 28100 രൂപയാണ് ശമ്പളം.

# സെറിബ്രൽ പാൾസി: കാരണം തലച്ചോറിലെ തകരാറുകൾ



**ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി,** കൊച്ചി പ്രയത്ന ചൈൽഡ് ഡെവലപ്മെന്റ് സെന്റർ

സെറിബ്രൽ പാൾസിയെ പലപ്പോഴും ഒറ്റ രോഗമായിട്ടാണ് നമ്മൾ കാണാറുള്ളത്. എന്നാൽ ചലനശേഷിയെയും ശരീരത്തിന്റെ നിലയെയും ബാധിക്കുന്ന വിവിധ പ്രശ്നങ്ങളുടെ ഒരു കൂട്ടത്തെയാണ് സെറിബ്രൽ പാൾസി എന്നുപറയുന്നത്. ഗർഭാവസ്ഥയിലോ ജനനസമയത്തോ അല്ലെങ്കിൽ ജീവിതത്തിന്റെ ആദ്യ ഏതാനും മാസങ്ങളിലോ തലച്ചോറിനുണ്ടാകുന്ന തകരാറുകളാണ് ഈ അവസ്ഥയ്ക്ക് കാരണമാകുന്നത്. നല്ല ശ്രദ്ധയും പരിചരണവും കിട്ടിയാൽ സെറിബ്രൽ പാൾസി ഉള്ളവരുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കും. പല കേസുകളും തടയാൻ കഴിയുന്നതോ അല്ലെങ്കിൽ അതിന്റെ ബുദ്ധിമുട്ടുകൾ ഒഴിവാക്കാവുന്നതോ ആണെന്ന് പഠനങ്ങൾ പറയുന്നു.

പേശികളുടെ ഏകോപനമില്ലായ്മ, പേശികൾ വലിഞ്ഞുമുറുകുകയോ അയഞ്ഞുപോവുകയോ ചെയ്യുക, നടത്തത്തിലെ അസാധാരണത്വം, സംവേദനക്ഷമതയിലെ ഏറ്റക്കുറച്ചിലുകൾ, വിറയൽ എന്നിവയെല്ലാം സെറിബ്രൽ പാൾസിയുടെ ലക്ഷണമാകാം. അപസ്മാരം, മാനസിക വൈകല്യങ്ങൾ, കാഴ്ച/കേൾവി സംബന്ധമായ പ്രശ്നങ്ങൾ, സംസാരിക്കുന്നതിലും ഭക്ഷണം കഴിക്കുന്നതിലുമുള്ള ബുദ്ധിമുട്ടുകൾ, വൈകാരികവും സ്വഭാവരൂപീകരണത്തിലുമുള്ള പ്രശ്നങ്ങൾ എന്നിവയും സെറിബ്രൽ പാൾസി ഉള്ളവരിൽ കാണാറുണ്ട്. ശരീരത്തിൽ കടുത്ത വേദനയും ഇവർക്ക് അനുഭവപ്പെടാം. രോഗത്തിന്റെ സ്വഭാവമനുസരിച്ച് ഈ വേദന വിട്ടുപോകാതെ നിരന്തരം തുടരുകയോ അടിക്കടി വന്നുപോവുകയോ ചെയ്യാം. രോഗം നേരത്തെ തിരിച്ചറിയുന്നതും വിവിധ മേഖലകളിലെ വിദഗ്ദ്ധർ ഒരുമിച്ച് നൽകുന്ന ചികിത്സയും ഇവരുടെ ജീവിതത്തിൽ വളരെ പ്രധാനമാണ്. പീഡിയാട്രിക് ന്യൂറോളജിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ്, ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, ന്യൂട്രീഷ്യനിസ്റ്റ് എന്നിവരുടെ ഒരുമിച്ചുള്ള സേവനങ്ങളാണ് ഇവർക്കാവശ്യം.

**കണക്കുകൾ പറയുന്നത്**

വികസിതരാജ്യങ്ങളിൽ ആയിരം കുട്ടികൾ ജനിക്കുമ്പോൾ ഏകദേശം 1.6 പേർക്ക് സെറിബ്രൽ പാൾസി കണ്ടുവരുന്നു. താഴ്ന്ന, ഇടത്തരം വരുമാനമുള്ള രാജ്യങ്ങളിൽ ഇതുമായി ബന്ധപ്പെട്ടുള്ള കൃത്യമായ വിവരശേഖരണം നടക്കുന്നില്ല. എന്നാൽപ്പോലും ഇത്തരം രാജ്യങ്ങളിൽ സെറിബ്രൽ പാൾസി ഉള്ളവരുടെ എണ്ണം കൂടുതലാണെന്ന് കാണാം. ഇന്ത്യയിലെ കണക്കുകൾ പ്രകാരം, ആയിരം കുട്ടികളിൽ ഏകദേശം 2.9 പേർക്ക് സെറിബ്രൽ പാൾസി ഉണ്ട്. അതായത്, ഇന്ത്യയിൽ ആയിരക്കണക്കിന് കുട്ടികൾക്ക് സെറിബ്രൽ പാൾസി ഉണ്ടെന്നും അവർക്ക് സഹായവും പിന്തുണയും ആവശ്യമാണെന്നും കണക്കുകൾ വ്യക്തമാക്കുന്നു.

**സെറിബ്രൽ പാൾസിയുടെ കാരണങ്ങൾ എന്തൊക്കെ? ആർക്കാണ് കൂടുതൽ സാധ്യത?**

ഏതെങ്കിലും ഒരൊറ്റ കാരണം കൊണ്ടുമാത്രം സംഭവിക്കുന്ന പ്രശ്നമല്ല സെറിബ്രൽ പാൾസി. പലപ്പോഴും പല തവണ അവർത്തിക്കപ്പെടുകയോ നിരന്തരം സംഭവിക്കുകയും ചെയ്യുന്ന ചില പ്രശ്നങ്ങളാണ് അതിലേക്ക് നയിക്കുന്നതെന്ന് കാണാം. ഗർഭകാലത്തെ പ്രശ്നങ്ങളും പ്രസവസമയത്തെ പ്രശ്നങ്ങളും പ്രസവശേഷം ഉണ്ടാകുന്ന പ്രശ്നങ്ങളും സെറിബ്രൽ പാൾസിക്ക് കാരണമാകാം.

മാസം തികയാതെയുള്ള ജനനവും കുറഞ്ഞ ഭാരവും: പല പഠനങ്ങളും കാണിക്കുന്നത് സെറിബ്രൽ പാൾസി ഉണ്ടാകാനുള്ള പ്രധാന കാരണം മാസം തികയാതെയുള്ള ജനനവും കുട്ടിയുടെ കുറഞ്ഞ ഭാരവുമാണെന്നാണ്.

പ്രസവസമയത്തെ സങ്കീർണ്ണതകൾ: പ്രസവസമയത്ത് തലച്ചോറിലേക്ക് ഓക്സിജൻ കുറയുന്നതും, നവജാത ശിശുക്കൾക്ക് ഗുരുതരമായ അസുഖങ്ങൾ വരുന്നതും ഒരു കാരണമാണ്. ആധുനിക ചികിത്സാ സൗകര്യങ്ങളുള്ള മേഖലകളിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യത കുറവാണ്. എന്നാൽ മതിയായ പ്രസവശിശു പരിചരണം ഇല്ലാത്തയിടങ്ങളിൽ ഈ ഘടകം ഒരു പ്രധാന പ്രശ്നമാണ്.



ജനിതക തകരാറുകളും തലച്ചോറിന്റെ ഘടനാപരമായ പ്രശ്നങ്ങളും: ജനിതകപരമായ കാരണങ്ങളാലും തലച്ചോറിന്റെ വികാസത്തിലുണ്ടാകുന്ന ചില പ്രശ്നങ്ങളാലും സെറിബ്രൽ പാൾസി ഉണ്ടാകാം. ഇത്തരം കേസുകൾ ഇപ്പോൾ നേരത്തെ തിരിച്ചറിയപ്പെടുന്നുണ്ട്. ഗർഭകാലത്തെ മദ്യപാനം സെറിബ്രൽ പാൾസിയുണ്ടാകാനുള്ള സാധ്യത വർധിപ്പിക്കുന്നു.

നവജാത ശിശുക്കളിലെ അണുബാധകൾ: മെനിഞ്ചൈറ്റിസ്, എൻസെഫലൈറ്റിസ് പോലുള്ള അണുബാധകൾ തലച്ചോറിനെ ബാധിക്കുന്നത് സെറിബ്രൽ പാൾസിക്ക് കാരണമാകാം. ഗർഭകാല പരിചരണം, വിദഗ്ദ്ധരുടെ സഹായത്തോടെയുള്ള പ്രസവം, നവജാത ശിശുവിന്റെ തീവ്രപരിചരണം, അണുബാധ നിയന്ത്രണം എന്നിവയുടെ ലഭ്യതക്കുറവ് സെറിബ്രൽ പാൾസി സാധ്യത വർദ്ധിപ്പിക്കാം.

പലപ്പോഴും ഈ കാരണങ്ങൾ ഒരുമിച്ച് വരാം (ഉദാഹരണത്തിന്, മാസം തികയാതെയുള്ള ജനനവും നവജാത ശിശുക്കളിലെ അണുബാധയും). അതുകൊണ്ട്, അമ്മമാർക്കും കുഞ്ഞുങ്ങൾക്കും സമഗ്രമായ പരിചരണം നൽകേണ്ടത് ഈ അവസ്ഥയെ തടയാൻ വളരെ പ്രധാനമാണ്.

**സെറിബ്രൽ പാൾസി തടയാൻ കഴിയുമോ**

സെറിബ്രൽ പാൾസിയെ പൂർണ്ണമായി തടയാൻ നിലവിൽ മാർഗങ്ങൾ ഒന്നുമില്ല എന്നതാണ് ഏറ്റവും പെട്ടെന്ന് പറയാവുന്ന ഉത്തരം. എങ്കിലും, പല കേസുകളും ഒരു പരിധിവരെ തടയാനോ അവയുടെ തീവ്രത കുറയ്ക്കാനോ സാധിക്കും. അതിന് പൊതുജനാരോഗ്യ സംവിധാനങ്ങളും കൃത്യമായ വൈദ്യശാസ്ത്ര പരിചരണവും ശക്തിപ്പെടുത്തേണ്ടതുണ്ട്. ഗർഭിണികൾക്ക് ഉണ്ടാകാവുന്ന അണുബാധകൾ, രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയവ കണ്ടെത്തുകയും കൃത്യമായി ചികിത്സിക്കുകയും ചെയ്യുക. ഗർഭം ധരിക്കാൻ ആഗ്രഹിക്കുന്ന സ്ത്രീകൾ മദ്യപാനം പൂർണമായും ഒഴിവാക്കുക. ഗുണമേന്മയുള്ള പ്രസവ പരിചരണം ഉറപ്പാക്കേണ്ടതും വളരെ പ്രധാനമാണ്. പരിശീലനം ലഭിച്ചവരുടെ സഹായത്തോടെ വേണം പ്രസവം നടത്താൻ. കുഞ്ഞിന് ആവശ്യമായ ശരിയായ നിരീക്ഷണം, ആവശ്യമെങ്കിൽ ഒട്ടുംവൈകാതെയുള്ള സിസേറിയൻ എന്നിവ ഉറപ്പാക്കുക. പ്രസവസമയമായിട്ടും അനാവശ്യമായി പ്രസവം നീട്ടിവെച്ചാൽ കുഞ്ഞിന്റെ തലച്ചോറിലേക്ക് ആവശ്യത്തിന് രക്തയോട്ടം എത്താത്ത അവസ്ഥയുണ്ടാകാം. ഇത് സെറിബ്രൽ പാൾസിക്ക് കാരണമാകാം.

പ്രസവസമയത്ത് കുഞ്ഞുങ്ങളുടെ തലച്ചോറിനുണ്ടായേക്കാവുന്ന പരിക്കുകൾ ഉടൻ ചികിൽസിക്കാൻ നവജാത ശിശുക്കൾക്കായുള്ള തീവ്രപരിചരണ സംവിധാനമുള്ള ആശുപത്രികൾ തെരഞ്ഞെടുക്കുക. ഗർഭിണികളെ ചികിൽസിക്കുന്ന എല്ലാ ആശുപത്രികളിലും ഈ സൗകര്യം ഉറപ്പാക്കണം. പ്രതിരോധ കുത്തിവയ്പ്പുകൾ കൃത്യസമയത്ത് സ്വീകരിക്കുന്നത് അണുബാധകൾ തടയാൻ സഹായിക്കും. മെനിഞ്ചൈറ്റിസ് പോലുള്ള അണുബാധകൾ തടയാൻ പ്രതിരോധ കുത്തിവയ്പ്പുകൾ നിർണായകമാണ്. കുട്ടികളിൽ വളർച്ചാപരമായ കാലതാമസങ്ങൾ ഉണ്ടെങ്കിൽ അത് നേരത്തെ തിരിച്ചറിയുകയും വേഗത്തിൽ ചികിത്സ നൽകുകയും ചെയ്യുക. കുഞ്ഞുങ്ങളുടെ ഡയപ്പർ മാറ്റുമ്പോഴോ അവരെ കുളിപ്പിക്കുമ്പോഴോ ഒക്കെ പേശീസമ്പന്ധമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടാം. കൈകാലുകൾ മുറുകിയിരിക്കുകയോ പ്രതീക്ഷിക്കാത്ത ഭാഗത്തേക്ക് അവ കുഴഞ്ഞുപോകുന്നതോ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ വൈദ്യസഹായം തേടണം.

**ലഭ്യമായ ചികിത്സകൾ**

സെറിബ്രൽ പാൾസിക്ക് കാരണമായ തലച്ചോറിലെ തകരാറിനെ മാറ്റുന്ന ഒരു സമഗ്ര ചികിത്സ നിലവിലില്ല. സെറിബ്രൽ പാൾസിയുള്ള കുട്ടികളുടെ പ്രവർത്തനശേഷി മെച്ചപ്പെടുത്തുക, മറ്റ് ബുദ്ധിമുട്ടുകൾ തടയുക, അവരെ ഒരു സാധാരണ ജീവിതം നയിക്കാൻ സഹായിക്കുക, അവരുടെ ജീവിതനിലവാരം ഉയർത്തുക എന്നിവയാണ് ഇപ്പോഴുള്ള ചികിത്സകൾ ഉദ്ദേശിക്കുന്നത്. നിലവിൽ ഏറ്റവും മികച്ച ചികിത്സാ രീതിയിൽ വിവിധ മേഖലകളിലെ വിദഗ്ദ്ധർ ഒരുമിച്ച്, ഓരോ കുട്ടിക്കും അനുയോജ്യമായ, തെളിവുകളെ അടിസ്ഥാനമാക്കിയുള്ള പരിചരണമാണ് നൽകുന്നത്. ഇതിനാദ്യം ഒരു പീഡിയാട്രീഷനെയാണ് സമീപിക്കേണ്ടത്. ഏതുതരം സെറിബ്രൽ പാൾസിയാണെന്ന് തിരിച്ചറിഞ്ഞ ശേഷമാണ് തുടർചികിത്സ. പ്രധാനമായും മൂന്ന് തരത്തിലാണ് സെറിബ്രൽ പാൾസി പ്രത്യക്ഷപ്പെടുന്നത്. ഏറ്റവും കൂടുതലാളുകളിൽ കണ്ടുവരുന്നത് സ്പാസ്റ്റിക് സെറിബ്രൽ പാൾസിയാണ്. ഡിസ്കിനെറ്റിക്, അറ്റാക്സിക് എന്നീ തരങ്ങളുമുണ്ട്. തലച്ചോറിന്റെ ഏത് ഭാഗത്തിനാണോ തകരാർ സംഭവിച്ചിട്ടുള്ളത് എന്നതിനെ ആശ്രയിച്ചാണ് സെറിബ്രൽ പാൾസിയുടെ സ്വഭാവവും മാറുന്നത്. ഓരോന്നിനോടുമുള്ള ചികിത്സാരീതി വ്യത്യാസപ്പെട്ടിരിക്കുന്നു. ഈ പറഞ്ഞ മൂന്ന് തരം സെറിബ്രൽ പാൾസികളിൽ ഒന്നിലേറെ രോഗാവസ്ഥകൾ ഒരു രോഗിയിൽ ഉണ്ടായെന്നും വരാം.

പേശികളുടെയും സന്ധികളുടെയും പ്രശ്നങ്ങൾ കാരണം സെറിബ്രൽ പാൾസിയുള്ള കുട്ടികൾ വളരുന്തോറും അവരുടെ വേദന കൂടിവരാറുണ്ട്. ഓരോ രോഗിയുടെയും സാഹചര്യങ്ങൾ വിലയിരുത്തിയ ശേഷമാണ് ചികിത്സയുടെ രീതിയും ഭാവവും നിശ്ചയിക്കുന്നത്.

പുനരധിവാസ ചികിത്സകൾ: ഫിസിയോതെറാപ്പി, ഒക്കുപ്പേഷണൽ തെറാപ്പി, സ്പീച്ച് ആൻഡ് ലാംഗ്വേജ് തെറാപ്പി, എന്നിവ ചലനശേഷി, ആശയവിനിമയം, ദൈനംദിന കാര്യങ്ങൾ ചെയ്യാനുള്ള കഴിവ് എന്നിവ മെച്ചപ്പെടുത്താൻ സഹായിക്കുന്നു.

മരുന്ന് ഉപയോഗിച്ചുള്ള ചികിത്സ: പേശികളുടെ വലിഞ്ഞുമുറുകൽ കുറയ്ക്കാൻ ഗുളിക രൂപത്തിലുള്ള മരുന്നുകൾ ഉപയോഗിക്കാറുണ്ട്. ചില കുട്ടികളിൽ പേശികളിലേക്ക് നേരിട്ടോ സുഷുമ്നാ നാഡിയിലേക്കോ ബോട്ടുലിനം ടോക്സിൻ കുത്തിവയ്ക്കുക്കാറുണ്ട്. പ്രത്യേകമായി തിരഞ്ഞെടുക്കപ്പെട്ട കുട്ടികളിൽ സെലക്ടീവ് ഡോർസൽ റൈസോട്ടമി എന്ന ശസ്ത്രക്രിയയും ഫലപ്രദമാണ്. അപസ്മാരം നിയന്ത്രിക്കാനും മരുന്നുകൾ നൽകാറുണ്ട്.

ഓർത്തോപീഡിക് ശസ്ത്രക്രിയ: പേശികൾ വലിഞ്ഞുമുറുകുന്നത്, ഇടുപ്പെല്ലിന്റെ സ്ഥാനഭ്രംശം, മറ്റ് എല്ലുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ പരിഹരിക്കാൻ ശസ്ത്രക്രിയകൾ സഹായിക്കും.

സഹായക ഉപകരണങ്ങൾ: വീൽചെയറുകൾ, കാലിലും കൈകളിലും ഉപയോഗിക്കുന്ന സപ്പോർട്ടുകൾ (ഓർത്തോസിസുകൾ), ആശയവിനിമയത്തിനുള്ള ഉപകരണങ്ങൾ, വീടുകളിലും സ്കൂളുകളിലും വരുത്തുന്ന മാറ്റങ്ങൾ എന്നിവ കുട്ടികളുടെ സ്വയംപര്യാപ്തത വർദ്ധിപ്പിക്കുന്നു.

പോഷകാഹാരവും ശ്വാസകോശ പരിചരണം: സെറിബ്രൽ പാൾസി ഉള്ള കുട്ടികളിൽ ഭക്ഷണം കഴിക്കാനുള്ള ബുദ്ധിമുട്ടുകളും ആവർത്തിച്ചുള്ള ശ്വാസകോശ അണുബാധകളും സാധാരണമാണ്. അതുകൊണ്ട്, ശരിയായ പോഷകാഹാരം ഉറപ്പാക്കുകയും ആവശ്യമെങ്കിൽ ട്യൂബിലൂടെ ഭക്ഷണം നൽകുകയും ചെയ്യാം. ശ്വാസകോശത്തിന്റെ ആരോഗ്യം വളരെ ശ്രദ്ധിക്കണം.

സാമൂഹ്യാധിഷ്ഠിത പുനരധിവാസവും മാതാപിതാക്കൾക്കുള്ള പരിശീലനവും: സെറിബ്രൽ പാൾസിയുള്ള കുട്ടികളെ പരിചരിക്കാനും ഊട്ടാനും ഉറക്കാനും മാതാപിതാക്കൾക്കും കുടുംബങ്ങൾക്കും പ്രത്യേകം പരിശീലനം ആവശ്യമാണ്. ഈ രോഗാവസ്ഥയുള്ളവർക്ക് വീട്ടിലിരുന്ന് തന്നെ ചെയ്യാവുന്ന ചില വ്യായാമങ്ങളുമുണ്ട്. ഇത്തരം ഭിന്നശേഷിയുള്ള കുട്ടികൾക്ക് കൂടി പഠിക്കാൻ ഉതകുന്ന തരത്തിൽ നമ്മുടെ സ്കൂളുകളിലും ആവശ്യത്തിന് സൗകര്യങ്ങൾ വേണം.

**സേവനങ്ങൾ, നിയമങ്ങൾ, പോരായ്മകൾ**

നേരിയ സെറിബ്രൽ പാൾസി ഉള്ളവർക്കും സ്വയം നടക്കാനും ഭക്ഷണം കഴിക്കാനും കഴിയുന്നവർക്കും മറ്റ് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഇല്ലെങ്കിൽ ഒരു സാധാരണ ജീവിതം നയിക്കാൻ കഴിയും. എന്നാൽ ഗുരുതരമായ സെറിബ്രൽ പാൾസി ഉള്ളവർക്ക് (നടക്കാൻ കഴിയാത്തവർ, നിയന്ത്രിക്കാൻ കഴിയാത്ത അപസ്മാരം, ആവർത്തിച്ചുള്ള ശ്വാസകോശ പ്രശ്നങ്ങൾ) ആയുർദൈർഘ്യം കുറവാണ്. ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങളും ഭക്ഷണവുമായി ബന്ധപ്പെട്ട സങ്കീർണ്ണതകളുമാണ് പലപ്പോഴും മരണത്തിന് കാരണമാകുന്നത്.

സെറിബ്രൽ പാൾസിയുള്ള കുട്ടികൾക്കായി നമ്മുടെ രാജ്യത്ത് ചില നിയമങ്ങളും സേവനങ്ങളും ലഭ്യമാണ്. ഉദാഹരണത്തിന്, രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം പദ്ധതിയിലൂടെ കുട്ടികളിലെ വളർച്ചാപരമായ കാലതാമസങ്ങൾ കണ്ടെത്തുകയും ചികില്സിക്കുകയും ചെയ്യുന്നുണ്ട്. ഭിന്നശേഷിക്കാരുടെ അവകാശ നിയമം (ഞജംഉ അരഎ, 2016) സെറിബ്രൽ പാൾസിയെ അംഗീകരിക്കുകയും അവർക്ക് വിദ്യാഭ്യാസം, സംവരണം, സൗകര്യങ്ങൾ തുടങ്ങിയ നിയമപരമായ അവകാശങ്ങൾ നൽകുകയും ചെയ്യുന്നു.

കേരളത്തിലെ സാമൂഹ്യ സുരക്ഷാ മിഷൻ പോലുള്ള സർക്കാർ സംവിധാനങ്ങൾ ഇത്തരം പ്രശ്നങ്ങളുള്ള കുട്ടികളെ നേരത്തെ കണ്ടെത്താനും അവരെ പുനരധിവസിപ്പിക്കാനും സമൂഹത്തിൽ തുല്യ പങ്കാളിത്തം ഉറപ്പാക്കാനും സജീവമായി പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് നിരവധി സ്വകാര്യ, സന്നദ്ധ സംഘടനകളുടെ പുനരധിവാസ കേന്ദ്രങ്ങളും, ശിശു വികസന കേന്ദ്രങ്ങളും, സ്പെഷ്യലൈസ്ഡ് ആശുപത്രികളും ഉണ്ട്. ഇക്കാര്യത്തിൽ മറ്റ് പല സംസ്ഥാനങ്ങളെക്കാളും മികച്ച ആരോഗ്യ സംവിധാനങ്ങളാണ് കേരളത്തിലുള്ളത്. എന്നാലും സേവനങ്ങൾ ഏകോപിപ്പിക്കുന്നതിലും ഏവർക്കും താങ്ങാനാവുന്ന ദീർഘകാല സഹായങ്ങൾ ലഭ്യമാക്കുന്നതിലും സെറിബ്രൽ പാൾസി ഉള്ളവർക്ക് തൊഴിലവസരങ്ങൾ നൽകുന്നതിലും ഇനിയും നാം ഒരുപാട് മുന്നോട്ടുപോകേണ്ടതുണ്ട്.



# കുളവാഴ പ്രതിസന്ധി: ഫ്യൂച്ചർ കേരളാ മിഷന്റെ ഡിസ്കഷൻ പേപ്പർ മന്ത്രി സജി ചെറിയാൻ പ്രകാശനം ചെയ്തു

**കൊച്ചി:** കേരളത്തിലെ ഉൾനാടൻ ജലാശയങ്ങൾ നേരിടുന്ന രൂക്ഷമായ കുളവാഴ ഭീഷണിക്ക് ശാശ്വത പരിഹാരം ലക്ഷ്യമിട്ടുള്ള ഡിസ്കഷൻ പേപ്പർ ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ പ്രകാശനം ചെയ്തു. കൊച്ചി ജെയിൻ യൂണിവേഴ്സിറ്റിയുടെ ഫ്യൂച്ചർ കേരള മിഷനാണ് 'കേരളത്തിലെ കുളവാഴ ഭീഷണി നേരിടൽ' എന്ന പേരിലുള്ള റിപ്പോർട്ട് തയ്യാറാക്കിയത്. കൊല്ലത്തു വെച്ച് മുൻ ഇന്ത്യൻ അംബാസിഡറും ഫ്യൂച്ചർ കേരള മിഷൻ ചെയർമാനുമായ വേണു രാജാമണി, ജെയിൻ സർവകലാശാല മറൈൻ സയൻസ് വിഭാഗത്തിലെ ഡോ. ലക്ഷ്മി, ഡോ. രാധാകൃഷ്ണൻ ഉണ്ണി എന്നിവർ ചേർന്ന് റിപ്പോർട്ടിന്റെ ആദ്യ പ്രതി മന്ത്രിക്ക് കൈമാറി.

കുളവാഴ കേരളത്തിലെ കർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും ഉണ്ടാക്കുന്ന പ്രതിസന്ധി അതീവ ഗുരുതരമാണെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനൊപ്പം കുളവാഴ ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് പുതിയ വരുമാന സാധ്യതകൾ തുറക്കാനും ലക്ഷ്യമിടുന്നതാണ് ഈ പദ്ധതി. ജെയിൻ സർവകലാശാലയെയും ഫ്യൂച്ചർ കേരള മിഷനെയും അഭിനന്ദിക്കുകയും ഈ ഉദ്യമത്തിന് ഫിഷറീസ് വകുപ്പിന്റെ എല്ലാവിധ പിന്തുണയും ഉറപ്പുനൽകുമെന്നും മന്ത്രി പറഞ്ഞു.

ഉപജീവനമാർഗങ്ങളെയും ആവാസവ്യവസ്ഥയെയും ബാധിക്കുന്ന സാമൂഹിക വെല്ലുവിളിയാണ് കുളവാഴയെന്ന് ഫ്യൂച്ചർ കേരള മിഷൻ ചെയർമാൻ വേണു രാജാമണി പറഞ്ഞു. ഈ പ്രതിസന്ധി നേരിടാൻ ഐക്യത്തോടെയുള്ള ഒരു സാമൂഹിക പ്രതികരണം രൂപപ്പെടുത്താനാണ് ഫ്യൂച്ചർ കേരള മിഷന്റെ ശ്രമം. കുളവാഴ നിർമാർജനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവരും അവരുടെ അനുഭവങ്ങളും പരിഹാരങ്ങളും പങ്കുവെച്ചുകൊണ്ട് ഈ ദൗത്യത്തിന് പിന്തുണ നൽകണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

കുളവാഴ വ്യാപനം കേരളത്തിലുണ്ടാക്കുന്ന പാരിസ്ഥിതിക, സാമ്പത്തിക പ്രത്യാഘാതങ്ങൾ തിരിച്ചറിഞ്ഞാണ് ജെയിൻ സർവകലാശാലയുടെ ഫ്യൂച്ചർ കേരള മിഷന്റെ ഭാഗമായി ഈ പദ്ധതി ഏറ്റെടുത്തത്. ഈ വിഷയത്തിൽ പൊതുജനങ്ങൾക്കും വിദഗ്ധർക്കും നിർദ്ദേശങ്ങൾ സമർപ്പിക്കാം. കുളവാഴ കാരണം വ്യക്തിപരമായും സാമൂഹികമായും ഉണ്ടായ അനുഭവങ്ങൾ, പ്രാദേശിക പരിഹാര ശ്രമങ്ങൾ, വെല്ലുവിളികൾ, നൂതന ആശയങ്ങൾ എന്നിവ കുറിപ്പുകളോ ഫോട്ടോകളോ വീഡിയോകളോ ആയി keralahyacinthproject@future-kerala.org.in എന്ന ഇമെയിൽ വിലാസത്തിൽ ഒക്ടോബർ 30നകം അയക്കണമെന്നും സംഘാടകർ അഭ്യർത്ഥിച്ചു. പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി ഈ റിപ്പോർട്ട് വർഷാവസാനം സംഘടിപ്പിക്കുന്ന ഉന്നതതല അന്താരാഷ്ട്ര കോൺഫറൻസിൽ ചർച്ച ചെയ്യും. കോൺഫറൻസ് മറ്റു സംസ്ഥാനങ്ങളിലെയും രാജ്യങ്ങളിലെയും അനുഭവങ്ങളും ചർച്ചയാകും. റിപ്പോർട്ടിന്റെ പൂർണ്ണരൂപം ഫ്യൂച്ചർ കേരള മിഷന്റെ https://www.futurekerala.org.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വേണു രാജാമണിയും ഡോ. ലക്ഷ്മി ദേവിയുമാണ് റിപ്പോർട്ടിന്റെ മുഖ്യ രചയിതാക്കൾ.

# ക്രിസ്മസിനെ വരവേൽക്കാൻ ലുലുവിൽ കേക്ക് മിക്സിംഗ്

**കൊച്ചി:** ക്രിസ്മസിനെ വരവേൽക്കാൻ കേക്ക് മിക്സിംഗുമായി ലുലു. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തോടുചേർന്ന് പ്രവർത്തിക്കുന്ന ലുലു ഫ്ളൈറ്റ് കിച്ചന്റെയും കൊച്ചി ലുലുമാളിന്റെയും നേതൃത്വത്തിൽ മാരിയറ്റ് കോർട്ട്യാഡിലാണു പരിപാടി സംഘടിപ്പിച്ചത്.

ഈ സീസണിൽ 30 ടണ്ണോളം ഫ്രൂട്സ് മിക്സ് ചേരുവകൾ ചേർത്താണ് ലുലുവിലെ കേക്ക് നിർമാണം. രണ്ടു ലക്ഷം കേക്കുകൾ നിർമിച്ച് ലുലു സ്റ്റോറുകളിൽ എത്തിക്കുകയാണു ലക്ഷ്യം.

അഞ്ച് വകഭേദങ്ങളിൽ കേക്ക് എത്തും. ഡിസംബർ ഒന്നുമുതൽ കേരളത്തിലെ ലുലു സ്റ്റോറുകളിൽ കേക്കുകൾ ലഭ്യമാകും. കൊച്ചി ലുലു റീജണൽ ഡയറക്ടർ സുധീഷ് ചെരിയിൽ കേക്ക് മിക്സിംഗ് ഉദ്ഘാടനം ചെയ്തു.



പ്രത്യേകം തയാറാക്കിയ മേശയിൽ കേക്ക് നിർമിക്കുന്നതിനുള്ള ചേരുവകളായ കശുവണ്ടി, ഉണക്ക മുന്തിരി, ഈന്തപ്പഴം, ടുട്ടി ഫ്രൂട്ടി, കാൻഡിഡ് ചെറി, ലൈം പീൽ, ഓറഞ്ച് പീൽ, മിക്സഡ് ഫ്രൂട്ട്ജാം, ഗ്രേപ്പ് ജ്യൂസ്, മിക്സഡ് സ്പൈസ് എന്നിവ വിശിഷ്ടാതിഥികളുടെ നേതൃത്വത്തിൽ മിക്സ് ചെയ്തു. കേക്ക് മിക്സ് ഗുണമേന്മ നഷ്ടപ്പെടാതെ സൂക്ഷിച്ചതിനുശേഷമാണ് നിർമാണം ആരംഭിക്കുക.

ചടങ്ങിൽ ബിഗ്ബോസ് താരവും ഇൻഫ്ളുവൻസറുമായ റെനീഷ, ലുലു ഗ്രൂപ്പ് ഇന്ത്യ എച്ച്ആർ ഹെഡ് അനൂപ് മജീദ്, ലുലു ഫ്ളൈറ്റ് കിച്ചൻ ബിസിനസ് ഡവലപ്മെൻറ് മാനേജർ കെ. ഷെമിമോൻ, കൊച്ചി ലുലു ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ ജോ പൈനേടത്ത്, ലുലു ഗ്രൂപ്പ് ഇന്ത്യ സെൻട്രൽ കിച്ചൻ എക്സിക്യൂട്ടീവ് ഷെഫ് ജസ്റ്റിൻ ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.



## ബാങ്കേഴ്സ് ക്ലബ് കൊച്ചി അംഗങ്ങളുടെ കുടുംബസംഗമം സംഘടിപ്പിച്ചു

**കൊച്ചി:** ബാങ്കേഴ്സ് ക്ലബ് കൊച്ചി അംഗങ്ങളുടെ കുടുംബസംഗമം സംഘടിപ്പിച്ചു. പരിപാടിയുടെ മുഖ്യാതിഥിയായ കേരള ഹൈക്കോടതി ജസ്റ്റിസ് പി.എം മനോജ്, സൗത്ത് ഇന്ത്യൻ ബാങ്ക് എംഡി & സിഇഒ ശ്രീ പി ആർ ശേഷാദ്രി എന്നിവർ ഈ വർഷത്തെ ക്ലബ്ബ് പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനത്തിനു ശേഷം ബാങ്കേഴ്സ് ക്ലബ് അംഗങ്ങളുടെ കുട്ടികൾ അവതരിപ്പിച്ച നിരവധി സാംസ്കാരിക പരിപാടികൾ ഉണ്ടായിരുന്നു.

## തെലങ്കാനയിൽ വൻ നിക്ഷേപത്തിന് യുഎസ് ഫാർമ കമ്പനി

**ഹൈദരാബാദ്:** യുഎസിലെ മരുന്ന് നിർമാണ മേഖലയിലെ വമ്പന്മാരായ എലി ലില്ലി തെലങ്കാനയിൽ ഒരു ബില്യൺ ഡോളറിന്റെ നിക്ഷേപം നടത്തും. ഉത്പാദനവും ആഗോള മരുന്ന് വിതരണശേഷിയും വികസിപ്പിക്കുന്നതിനായാണ് കമ്പനി തെലങ്കാനയിൽ വൻ നിക്ഷേപം നടത്തുന്നത്. കമ്പനിയുടെ ആഗോള പ്രതിനിധി സംഘം ഇൻറഗ്രേറ്റഡ് കമാൻഡ് കൺട്രോൾ സെൻററിൽ മുഖ്യമന്ത്രി എ. രേവന്ത് റെഡ്ഡി, വ്യവസായ മന്ത്രി ഡി. ശ്രീധർ ബാബു എന്നിവരുമായി കൂടിക്കാഴ്ച നടത്തിയ ശേഷമാണ് ഇക്കാര്യം അറിയിച്ചത്. തെലങ്കാനയിൽ ഒരു പുതിയ നിർമാണ പ്ലാൻറും ഗുണനിലവാര കേന്ദ്രവും സ്ഥാപിക്കും.

## ടൂറിസം മാനവവിഭവശേഷി വികസനം: കിറ്റ്സിന് ദേശീയ പുരസ്കാരം

**തിരുവനന്തപുരം:** സംസ്ഥാന ടൂറിസം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസിന് (കിറ്റ്സ്) ദേശീയ പുരസ്കാരം.

ടൂറിസം മാനവവിഭവശേഷി വികസിപ്പിക്കുന്നതിലും തൊഴിൽ സംരംഭകത്വ അവസരങ്ങൾ സൃഷ്ടിക്കുന്നതിലുമുള്ള മികവിനാണ് ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി(ഫിക്കി)യുടെ അംഗീകാരം കിറ്റ്സിന് ലഭിച്ചത്. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന 20-ാമത് ഫിക്കി അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ ഉച്ചകോടിയിൽ കേന്ദ്ര ഉപരിതല ഗതാഗതമന്ത്രി നിതിൻ ഗഡ്കരിയിൽ നിന്നും കിറ്റ്സ് ഡയറക്ടർ ഡോ. എം.ആർ. ദിലീപ് അവാർഡ് സ്വീകരിച്ചു.

ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് സമാനതകളില്ലാത്ത മികവ് കൈവരിച്ച സ്ഥാപനങ്ങളെ ആദരിക്കുന്നതിനുള്ള ഹയർ എജ്യുക്കേഷൻ എക്സലൻസ് അവാർഡ് 2025 ലെ എക്സലൻസ് ഇൻ ക്രിയേറ്റിംഗ് എംപ്ലോയ്മെന്റ് ആൻഡ് ഓൺട്രപ്രണർഷിപ്പ് എന്ന വിഭാഗത്തിലാണ് കിറ്റ്സ് പ്രത്യേക ജൂറി പുരസ്കാരത്തിന് തെരഞ്ഞെടുക്കപ്പെട്ടത്. ഉന്നത നിലവാരത്തിലുള്ള പഠനം ഒരുക്കുന്നതിനോടൊപ്പം കാമ്പസ് പ്ലേസ്മെൻറ് നൽകുന്നതിൽ ഇന്ത്യയിലെ തന്നെ ടൂറിസം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മുൻപന്തിയിലാണ് കിറ്റ്സ്. കഴിഞ്ഞ വർഷം കിറ്റ്സിൽ നിന്ന് യൂറോപ്യൻ രാജ്യങ്ങളിലേക്ക് ഉൾപ്പെടെ പ്ലേസ്മെന്റ് നൽകാനായി.

## എൻഎസ്ഇ ടാറ്റ ആശുപത്രി സഹകരണം

**കൊച്ചി:** കാൻസർ ആശുപത്രി പദ്ധതിക്കായി നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ(എൻഎസ്ഇ) തറക്കല്ലിട്ടു. സിഎസ്ആർ സംരംഭത്തിന്റെ ഭാഗമായി ടാറ്റ മെമ്മോറിയൽ സെന്ററുമായി ചേർന്നാണു സംരംഭം നടപ്പാക്കുക. നവി മുംബൈയിൽ മൾട്ടിസ്പെഷാലിറ്റി ബ്ലോക്കിനൊപ്പം 60 കിടക്കകളുള്ള ബോൺ മാരോ ട്രാൻസ്പ്ലാൻറ് സെന്ററും ഉൾപ്പെടുന്നതാണ് പദ്ധതി. 380 കോടി രൂപ ചെലവ് വരുന്ന പദ്ധതി 2027 ജൂലൈയിൽ പ്രവർത്തനമാരംഭിക്കാനാണു ലക്ഷ്യമിടുന്നത്.



ക്രൗൺ പ്ലാസ കൊച്ചിയിൽ നടന്ന ആഘോഷപൂർവ്വമായ കേക്ക് മിക്സിംഗ് ചടങ്ങിൽ വിസ്റ്റാർ ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായ ഷീല കൊച്ചൗസേപ്പും ക്രൗൺ പ്ലാസ കൊച്ചി ജനറൽ മാനേജറായ ദിനേശ് റായും നേതൃത്വം നൽകിയപ്പോൾ.

# ക്രിസ്തുമസിനുള്ള കേക്ക് മിക്സിങ്ങിന് ക്രൗൺ പ്ലാസയിൽ തുടക്കം

**കൊച്ചി:** പ്രൗഢഗംഭീരമായ കേക്ക് മിക്സിങ്ങ് ചടങ്ങുകളോടെ ഈ വർഷത്തെ ക്രിസ്തുമസ് ആഘോഷങ്ങൾക്ക് തുടക്കമിട്ട് ക്രൗൺ പ്ലാസ കൊച്ചി. സാമൂഹ്യപ്രവർത്തകയും വിസ്റ്റാർ ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറുമായ ഷീല കൊച്ചൗസേപ്പ് മുഖ്യാതിഥിയായി പങ്കെടുത്തു.

ക്രിസ്തുമസിന്റെ ആവേശം ആഘോഷിക്കാനും, ആളുകളെ ഒരുമിച്ച് കൂട്ടാനും പരമ്പരാഗതമായി നടത്തുന്ന കേക്ക് മിക്സിംഗ് ചടങ്ങിലൂടെ സാധിക്കുന്നുവെന്നും ആഘോഷരാവുകളുടെ വരവറിയിച്ചുകൊണ്ട് ആദ്യത്തെ കേക്ക് മട്ടാഞ്ചേരിയിലെ ആശ്വാസ ഭവൻ അനാഥാലയത്തിലെ കുട്ടികൾക്ക് തന്നെയാകും നൽകുകയെന്നും ക്രൗൺ പ്ലാസ കൊച്ചിയിലെ ജനറൽ മാനേജർ ദിനേശ് റായ് പറഞ്ഞു.

ഏകദേശം 3500 കിലോഗ്രാം ഫ്രൂട്ട് മിക്സിൽ പ്രീമിയം ഡ്രൈ ഫ്രൂട്സും നട്സുമാണ് കേക്കുണ്ടാക്കാനായി വർണാഭമായ രീതിയിൽ അലങ്കരിച്ച് നിരത്തിയത്. ഇവയെല്ലാം 300 ലിറ്ററോളം ചുവന്ന വൈനിലും 75 ലിറ്ററോളം തേനിലും ചേർത്താണ് പ്ലം കേക്കിനുള്ള ബേസ് തയാറാക്കിയത്. പങ്കെടുത്തവർക്കെല്ലാം കേക്ക് നിർമാണത്തിന്റെ രീതികളെക്കുറിച്ച് കളീനറി ഡയറക്ടർ ഷെഫ് കലേഷ് വിശദമായി പറഞ്ഞു. ഡിസംബറിൽ കേക്ക് ഉണ്ടാക്കുന്നതിനുള്ള മാവിലേക്ക് ചേർക്കുന്നതിന് മുൻപ് ഈ മിശ്രിതം നീണ്ട 60 ദിവസം പുളിപ്പിക്കാൻ വെയ്ക്കും. ഈ ചേരുവകൾ ഉപയോഗിച്ച് ഇക്കൊല്ലം 10,000 റിച്ച് പ്ലം കേക്കുകൾ നിർമിക്കാനാണ് പദ്ധതി. ഇപ്പോൾ പ്രീഓർഡറുകൾ ബുക്കിങ് സ്വീകരിക്കുന്നു.

സെലിബ്രിറ്റികൾ, ഇൻഫ്ളുവൻസർമാർ, കോർപറേറ്റ് പങ്കാളികൾ, അഭ്യുദയകാംക്ഷികൾ, ഹോട്ടലിലെ അതിഥികൾ എന്നിവരുൾപ്പെടെ നിരവധിപേർ പങ്കെടുത്തു.

# ഒല ഇലക്ട്രിക്കിന് സർട്ടിഫിക്കറ്റ്



**ബംഗളൂരു:** ഇന്ത്യയിലെ ഇലക്ട്രിക് സ്കൂട്ടർ നിർമാതാക്കളായ ഒല ഇലക്ട്രിക് സ്വന്തമായി വികസിപ്പിച്ച അപൂർവ ഭൗമ കാന്തം ഉപയോഗിക്കാത്ത ഫെറീറ്റ് മോട്ടോറിന് സർക്കാർ സർട്ടിഫിക്കറ്റ്. ഇത്തരം സർട്ടിഫിക്കറ്റ് നേടുന്ന ആദ്യ ഇരുചക്ര ഇലക്ട്രിക് വാഹന നിർമാതാക്കളാണ് ഒല.

തമിഴ്നാട്ടിലെ ഗ്ലോബൽ ഓട്ടോമോട്ടീവ് റിസർച്ച് സെൻററിൽ നടന്ന നിരവധി പരിശോധനകൾക്കുശേഷമാണ് ഒലയുടെ ഫെറീറ്റ് മോട്ടോറിന് സർട്ടിഫിക്കറ്റ് ലഭിച്ചത്. മോട്ടോർ, റോഡ് ഗതാഗത മന്ത്രാലയം നിശ്ചയിച്ച എഐഎസ് 041 നിലവാരത്തിലുള്ള പവർ ടെസ്റ്റുകൾ പൂർത്തിയാക്കി.

റോഡ് ഗതാഗത, ഹൈവേ മന്ത്രാലയത്തിനു കീഴിലുള്ള ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഒരു ഓട്ടോമോട്ടീവ് ഇൻഡസ്ട്രി സ്റ്റാൻഡേർഡാണ് എഐഎസ് 041.

ഒല വികസിപ്പിച്ച ഫെറൈറ്റ് മോട്ടോർ 7 കിലോവാട്ട്, 11കിലോവാട്ട് വേരിയൻറുകളുടെ നെറ്റ് പവറിൻറെ കാര്യത്തിൽ അപൂർവ ഭൗമ മാഗ്നറ്റ് മോട്ടോറുകളുടെ പ്രകടനവുമായി പൊരുത്തപ്പെടുന്നു.

ഇറക്കുമതി ചെയ്യുന്ന അപൂർവ എർത്ത് മോട്ടോറുകളെ ആശ്രയിക്കുന്നത് അവസാനിപ്പിക്കുന്ന ഒരു വലിയ മുന്നേറ്റമാണ് ഒല നടത്തിയത്. കൂടാതെ ചെലവ് ഗണ്യമായി കുറയ്ക്കാനും വിതരണശൃംഖലയിലെ പ്രശ്നങ്ങൾ ഒഴിവാക്കാനുമാകും.

# എയർടെൽ ബിസിനസിന് ഇന്ത്യൻ റെയിൽവേയുടെ സുരക്ഷാ ഓപ്പറേഷൻസ് സെന്റർ കരാർ

**കൊച്ചി:** എയർടെൽ ബിസിനസിന് ഇന്ത്യൻ റെയിൽവേ സെക്യൂരിറ്റി ഓപ്പറേഷൻസ് സെന്ററിന്റെ (ഐആർഎസ്ഒസി) കരാർ ലഭിച്ചു. ഇന്ത്യൻ റെയിൽവേയുടെ ഡിജിറ്റൽ നെറ്റ്വർക്ക് സുരക്ഷിതമാക്കുന്നതിനുള്ള സൈബർ സുരക്ഷാ സേവനങ്ങൾ ഉറപ്പാക്കുന്നതിനുള്ള ബഹുവർഷ കരാറാണ് എയർടെലിന് ലഭിച്ചിരിക്കുന്നത്.




ഈ കരാർ പ്രകാരം എയർടെൽ ഒരു നൂതന മൾട്ടിലെയർ സൈബർ സെക്യൂരിറ്റി സംവിധാനം രൂപകൽപ്പന ചെയ്യും. ഇതിലൂടെ ഇന്ത്യൻ റെയിൽവേയുടെ ഐടി നെറ്റ്വർക്കിനെ സൈബർ ഭീഷണികളിൽ നിന്നും 24 മണിക്കൂറുമുള്ള സുരക്ഷ ഉറപ്പാക്കും. റെയിൽവേയുടെ എല്ലാ ഡിജിറ്റൽ സേവനങ്ങളും സുരക്ഷിതവും സുഗമവും, സുതാര്യമായി പ്രവർത്തിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി .

ഈ പുതിയ ഡാറ്റാ സുരക്ഷാ സംവിധാനത്തിലൂടെ നൂറുകോടിയിലധികം ഇന്ത്യക്കാർക്ക് പ്രയോജനം ലഭിക്കും. ടിക്കറ്റ് ബുക്കിംഗ്, ഓൺലൈൻ പേയ്മെന്റ്, ട്രെയിൻ ട്രാക്കിംഗ്, റെയിൽവേയുമായി ബന്ധപ്പെട്ട മറ്റ് ഡിജിറ്റൽ സേവനങ്ങൾ എന്നിവ ഇതോടെ കൂടുതൽ എളുപ്പവും സുരക്ഷിതവുമാകും.

ഈ സംവിധാനം എല്ലാ സുരക്ഷാ നിയന്ത്രണങ്ങളും ഒരേ കേന്ദ്രത്തിൽ നിന്ന് കൈകാര്യം ചെയ്യുന്നതിനാൽ, രാജ്യത്തെ 26 സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ഏകദേശം 1,60,000 ജീവനക്കാരുൾപ്പെടെ

റെയിൽവേയുടെ എല്ലാ ഡിജിറ്റൽ സേവനങ്ങളും എപ്പോഴും സുരക്ഷിതമായും തടസ്സമില്ലാതെയും പ്രവർത്തിക്കുന്നതാക്കും.

ലോകത്തിലെ ഏറ്റവും വിശ്വസനീയമായ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ടാണ് എയർടെൽ ബിസിനസ് ഈ സേവനം റെയിൽവേക്കായി ഉറപ്പാക്കുന്നത്. മേക്ക് ഇൻ ഇന്ത്യ പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ച ഇന്ത്യൻ സൈബർ സുരക്ഷാ സാങ്കേതികവിദ്യകളും ഉൾപ്പെടുത്തും. ഇവയെല്ലാം ചേർത്ത് എയർടെൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (എഐ) സഹായത്തോടെ സൈബർ ഭീഷണികളെ തിരിച്ചറിഞ്ഞ്, തടയുന്ന ഒരു സ്മാർട്ട് സുരക്ഷാ സംവിധാനം രൂപകൽപ്പന ചെയ്യും. ഈ സംവിധാനം റെയിൽവേയെ ഡിജിറ്റൽ ഭീഷണികളിൽ നിന്നും സംരക്ഷിക്കും.

ഫയർവാൾ, റൗട്ടർ, MPLS നെറ്റ്വർക്ക്, സുരക്ഷിതമായ ലോഗിൻ സിസ്റ്റം തുടങ്ങിയ സാങ്കേതികവിദ്യകളിലൂടെ റെയിൽവേയുടെ എല്ലാപ്രധാന ഡിജിറ്റൽ ആപ്ലിക്കേഷനുകളും നെറ്റ്വർക്കുകളും ഇതുവഴി സംരക്ഷിക്കപ്പെടുമെന്നും കമ്പനി അധികൃതർ പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com